പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5298. 05-07-2012 ന് മറുപടിയ്ക്ക്

കോടനാട് മൃഗശാല - അഭയാരണ്യം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സാജു പോൾ : | ശ്രീ. കെ.ബി. ഗണേഷ് കുമാർ.<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി ) |
| എ) കോടനാട് കപ്രിക്കാട്ടെ മൃഗശാല അഭയാരണ്യത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; | എ) ഉണ്ട് |
| ബി) അഭയാരണ്യത്തിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; | ബി) സമർപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) മാസ്റ്റർ പ്ലാന് അംഗീകാരം ലഭിച്ചിട്ടുണ്ടോ ; | സി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല. |
| ഡി) കോടനാട്ടെ റസ്ക്യൂ സെന്ററിൽ നിന്നും മൃഗങ്ങളെ അഭയാരണ്യത്തിലേക്ക മാറ്റുന്നതിന്റെ പുരോഗതി വ്യക്തമാക്കുമോ ; | ഡി) കോടനാട് അനിമൽ റസ്ക്യൂ സെന്ററിൽ നിന്നും 123 പുള്ളിമാനുകളെയും 62 മ്ലാവുകളെയും ഇതിനോടകം കാപ്രിക്കാട് അഭയാരണ്യത്തിലേക്ക് മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്. |
| ഇ) നിലവിലുള്ള പശ്ചാത്തല സൗകര്യങ്ങൾ എന്തൊക്കെയാണ് ; അഭയാരണ്യത്തിന്റെ വിപുലീകരണത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ് ; | ഇ) മ്ലാവുകൾ, പുള്ളിമാനുകൾ എന്നിവയെ പാർപ്പിക്കുന്നതിനായി 4 എൻക്ലോഷറുകളും അതിനോടനുബന്ധിച്ച് ഫീഡിംഗ് ഏരിയ, ട്രീറ്റ്മെന്റ് ഏരിയ മുതലായവയും അടുക്കള, സ്റ്റോർ റൂം എന്നിവയുടെയും നിർമ്മാണം പൂർത്തിയാക്കി. സന്ദർശകരുടെ സൗകര്യാർത്ഥം ടോയ്‌ലറ്റ് ബ്ലോക്ക് ജല ലഭ്യതയ്ക്കായി പമ്പ് ഹൗസ്, വാട്ടർ ടാങ്ക് മറ്റ് ജല വിതരണ സംവിധാനങ്ങൾ, ടിക്കറ്റ് കൗണ്ടറുകൾ ഉൾപ്പെടുത്തി എൻട്രൻസ് പ്ലാസാ |

....2

എന്നിവ ഒരുക്കി. അഭയാരണ്യത്തിനകത്ത് മുമ്പുണ്ടായിരുന്ന സർക്കാർ കെട്ടിടങ്ങൾ പുനരുപയോഗിക്കുന്നതിനായി അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗയോഗ്യമാക്കി. ആനപാപ്പാന്മാരുടെ പരിശീലന കേന്ദ്രം, വനശ്രീ ഇക്കോ ഷോപ്പിനു വേണ്ടിയുള്ള കെട്ടിടം, വൃക്ഷത്തൈ വിതരണ കേന്ദ്രം, സ്റ്റാഫിനു വേണ്ടിയുള്ള ക്വാർട്ടേഴ്സ് എന്നിവ ഇതിൽപ്പെടുന്നു. സന്ദർശകർക്കായി അഭയാരണ്യത്തിനകത്ത് നടപ്പാത നിർമ്മിച്ചു. അഭയാരണ്യത്തിനു ചുറ്റും ആറര കിലോമീറ്റർ നീളത്തിൽ മുള്ളു കമ്പിവേലി പണിതു. മൃഗങ്ങളുടെ ചികിത്സാർത്ഥം മൃഗാശുപത്രിയും അതിനോടനുബന്ധിച്ച് പോസ്റ്റ് മോർട്ടം മുറിയും പൂർത്തിയാക്കി. മൃഗാശുപത്രിക്കാവശ്യമായ എല്ലാ ഉപകരണങ്ങളും ലഭ്യമാക്കി അഭയാരണ്യത്തിന്റെ ഭാവി വിപുലീകരണത്തിനുള്ള നടപടികൾ മാസ്റ്റർ പ്ലാനിന്റെ അംഗീകാരത്തിന് വിധേയമായി ചെയ്യുന്നതായിരിക്കും.

| | |
|---|---|
| എഫ്) അവിടെ വിവിധയിനം ഔഷധ സസ്യങ്ങളും വൃക്ഷങ്ങളും നട്ടു വളർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദവിവരം അറിയിക്കുമോ ; | എഫ്) ഉണ്ട്. വിവിധ ഇനം ഔഷധ സസ്യങ്ങളുടെയും വൃക്ഷങ്ങളുടെയും തൈകൾ നട്ടു പരിപാലിച്ചു വരുന്നുണ്ട്. നിലവിൽ അഭയാരണ്യം പദ്ധതി പ്രദേശത്ത് നടുന്നതിനുവേണ്ടി 2000 വൃക്ഷത്തൈകളുടെ നഴ്സറി സജ്ജമാക്കിയിട്ടുണ്ട്. കമ്പകം, അശോകം, നെടുനാർ എന്നീ ഇനത്തിൽപ്പെട്ട വൃക്ഷ തൈകളാണ് ഈ നഴ്സറിയിൽ ഉള്ളത്. 2011-12 ൽ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി 6 ഇനത്തിൽപ്പെട്ട മൂവായിരത്തോളം മുള തൈകൾ പുഴയോരത്ത് വച്ചു പിടിപ്പിച്ചിട്ടുണ്ട്. |
| ജി) കൂടുതൽ മൃഗങ്ങളെയും പക്ഷികളെയും അഭയാരണ്യത്തിലേക്ക് കൊണ്ടു വരാൻ നടപടി സ്വീകരിക്കുമോ ; ഇപ്പോഴുള്ളവയുടെ എണ്ണം ഇനം തിരിച്ച് അറിയിക്കുമോ ; | ജി) പാർപ്പിട സൗകര്യങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് കൂടുതൽ മൃഗങ്ങളെയും പക്ഷികളെയും അഭയാരണ്യത്തിൽ പുനരധിവസിപ്പിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. നിലവിൽ 123 പുള്ളിമാനുകളെയും 62 മ്ലാവുകളെയും മാറ്റിപ്പാർപ്പിക്കപ്പെട്ടിട്ടുണ്ട്. |

എച്ച്) ആവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; നിലവിലുള്ളവരുടെ വിവരം നൽകുമോ ;

എച്ച് ) ഇപ്പോഴത്തെ ആവശ്യത്തിനുള്ള ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. നിലവിലുള്ള ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

റെയ്ഞ്ച് ഓഫീസർ - 1

ഫോറസ്റ്റർ - 2

ഫോറസ്റ്റ് ഗാർഡ് - 5

ദിവസക്കൂലി വാച്ചർ - 8

ഐ) അഭയാരണ്യത്തിലെ നിർമ്മാണ പ്രവൃത്തികൾക്കും മറ്റ് സംവിധാനങ്ങൾക്കുമായി ഇതിനകം ഏതെല്ലാം ഏജൻസികൾ എത്ര തുക വീതം ചെലവഴിച്ചു എന്ന് അറിയിക്കുമോ ?

ഐ) ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | 4406-01-800-88-ഫോറസ്റ്റ് പ്രൊട്ടക്ഷൻ | 19.00 ലക്ഷം |
| 2 | 4406-01-800-90-RIDF | 73.31 ലക്ഷം |
| 3 | 4406-01-800-91- Eco Tourism | 184.83 ലക്ഷം |
| 4 | 2406-02-110-71-പ്രോജക്ട് എലിഫന്റ് | 2.12 ലക്ഷം |
| 5 | MLA ഫണ്ട് (പെരുമ്പാവൂർ) | 15.75 ലക്ഷം |
| 6 | MLA ഫണ്ട് (എറണാകുളം) | 10.17 ലക്ഷം |

സെക്ഷൻ ഓഫീസർ